**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Geromic George IAS )

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണജാഗ്രത - ഇടുക്കി ജില്ല - കുടയത്തൂർ ഗ്രാമപഞ്ചായത്ത് -അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പൂർത്തീകരിക്കാത്തത് - മുൻ അക്കൗണ്ടന്റ് ശ്രീ. ജോസഫ് ഡാനിയേലിനെതിരായ അച്ചടക്കനടപടി ശിക്ഷ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം:

1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കിയുടെ 05-04-2022 ലെ ബി1-2361/2021 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 19-05-2022 ലെ PAN/6508/2022-D8(DP) നമ്പർ സസ്പെൻഷൻ ഉത്തരവ്.
3) പഞ്ചായത്ത് ഡയറക്ടറുടെ 22/08/2022 ലെ PAN/6508/2022-D8(DP) നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.
4) പഞ്ചായത്ത് ഡയറക്ടറുടെ 15-11-2022 ലെ PAN 6508/2022-D8(DP) നമ്പർ ഉത്തരവ്
5) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.01.2023 ലെ ബി1-33/2023 നമ്പർ കത്ത്.
6) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14-06-2023 ലെ LSGD/PD/32296/2023-VIGB3 നമ്പർ ഉത്തരവ്.
7) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 10-12-2024 ലെ LSGD/JD/IDK/986/2023-A3 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ട്.
8) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13-05-2025 ലെ LSGD/PD/32296/2023-VIGB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9) തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 07-07-2025 ലെ LSGD/JD/KTM/2858/2025-A3 നമ്പർ കത്ത്

**ഉത്തരവ് നമ്പർ. LSGD/PD/32296/2023-VIGB3 തീയതി: 24-09-2025**

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്നും, ആയതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടും അക്കൗണ്ടന്റായ ശ്രീ. ജോസഫ് ഡാനിയൽ വിശദീകരണം സമർപ്പിച്ചിട്ടില്ലെന്നും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. റിപ്പോർട്ടിൽ കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പൂർത്തീകരിക്കുന്നതിനും അക്കൗണ്ടന്റിനെ സഹായിക്കുന്നതിനുമായി തൊടുപുഴ പി.എ.യു വിന് കീഴിലുള്ള അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പെർട്ടിനെ ഗ്രാമപഞ്ചായത്തിലേക്ക്

അയച്ചിരുന്നതായും എന്നാൽ 2021 ഒക്ടോബർ മാസം മുതലുള്ള ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ് പോലും ഓഫീസിൽ വാങ്ങി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റിക്കൺസിലിയേഷൻ നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് അക്കൗണ്ടന്റ് കം ഐ.റ്റി. എക്സ്പർട്ട് റിപ്പോർട്ട് ചെയ്തിരുന്നതായും, ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ യഥാസമയം എ.എഫ്.എസ് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായതെന്നും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ വാക്കാലും രേഖാമൂലവുമുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്നത് ശ്രീ. ജോസഫ് ഡാനിയലിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യനിർവ്വഹണ വീഴ്ച്ചയാണെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിൻറെ അക്കൗണ്ടിംഗ് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉത്തരവാദപ്പെട്ട സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ മേൽപ്രകാരമുള്ള പ്രവൃത്തി നീതീകരിക്കാവുന്നതല്ലെന്നു വിലയിരുത്തുകയും, കൂടാതെ ഇത്തരം പ്രവൃത്തികൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവുമാണെന്ന് കണ്ടുകൊണ്ടും ശ്രീ. ജോസഫ് ഡാനിയൽ- നെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത്കൊണ്ട് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവായിരുന്നു.

തുടർന്ന് ശ്രീ. ജോസഫ് ഡാനിയൽ -നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം (3) പ്രകാരം നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റാരോപണപത്രികയിൽ ചുവടെ പറയുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

*1. കടയത്തൂർ ഗ്രാമപഞ്ചായത്തിൽ താങ്കൾ അക്കൗണ്ടന്റായിരുന്ന കാലയളവിൽ അക്കൗണ്ടിംഗ് സംബന്ധമായ ട്രഷറി റീക്കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തിയാക്കാതിരുന്നത് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സംബന്ധമായ ജോലികളുടെ ചുമതല നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദപ്പെട്ട സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ താങ്കളുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനവും ഗുരുതരമായ കൃത്യനിർവ്വഹണവീഴ്ച്ചയുമാണ്.*

*2. ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതു കാരണം യഥാസമയം എ.എഫ്.എസ്. നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കാനിടയായത് താങ്കളുടെ ഭാഗത്തു നിന്നുണ്ടായ കൃത്യനിർവ്വഹണവീഴ്ചയും, ചട്ടലംഘനവുമാണ്.*

*3. പഞ്ചായത്തിന്റെ റിക്കൺസിലിയേഷൻ പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിന് മേലുദ്യോഗസ്ഥരിൽ നിന്നും തുടർച്ചയായി നിർദ്ദേശങ്ങൾ ലഭ്യമായിട്ടും ആയത് അനുസരിക്കാതിരുന്നത് താങ്കളുടെ ഭാഗത്തു നിന്നുണ്ടായ കടുത്ത അച്ചടക്കലംഘനവും നിരുത്തരവാദപരമായ സമീപനവുമാണ്.*

കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുള്ളതിനാലും സസ്പെൻഷൻ കാലയളവ് 6 മാസം പൂർത്തിയായിട്ടുള്ള സാഹചര്യത്തിലും പരാമർശം (4) പ്രകാരം ശ്രീ. ജോസഫ് ഡാനിയൽ -നെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവായിരുന്നു. തുടർന്ന് കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ ചുവടെ ചേർക്കും പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചിരുന്നു.

*ഞാൻ ഇടുക്കി ജില്ലയിലെ തന്നെയുള്ള ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിച്ചാണ് കടയത്തൂർ ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്യുന്നത്. ടി ഗ്രാമപഞ്ചായത്തിൽ ജോലിചെയ്ത സമയത്ത് പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റൻറ് വശം കൊടുത്തു വിട്ട ചെക്ക് ടിയാൻ ദുരുപയോഗപ്പെടുത്തി 20,000/- രൂപ കൈക്കലാക്കിയതുമായി ബന്ധപ്പെട്ട അന്വേഷണം നടന്നുവരികയായിരുന്നു. ഈ വിഷയത്തിൽ ടെക്നിക്കൽ*

*അസിസ്റ്റൻറ് കുറ്റം സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിൽ അക്കൗണ്ടൻറ് ആയിരുന്ന എനിക്കും സെക്ഷൻ ക്ലർക്കിനും പങ്കുണ്ടെന്ന് വരുത്തി തീർക്കുവാൻ ആ സമയത്ത് ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിരന്തരമായി ശ്രമിക്കുകയായിരുന്നു. ഇതേ തുടർന്ന് ഞാൻ മൂന്നുമാസത്തോളം തുടർച്ചയായി അവധിയിൽ പ്രവേശിക്കുകയും പിന്നീട് സ്ഥലംമാറ്റം ലഭിച്ച് കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്യുകയുമായിരുന്നു. എന്നാൽ ദുരുപയോഗം ചെയ്ത ഇരുപതിനായിരം രൂപ തിരികെ അടയ്ക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റൻറ് തയ്യാറായിട്ടും അതിന് അനുവദിക്കാതെ ഞാൻ അടക്കമുള്ളവരെ കൂടി കുറ്റക്കാർ ആക്കുന്നതിനുള്ള ശ്രമമാണ് പിന്നീട് നടന്നിട്ടുള്ളത്. ഇതിനെ തുടർന്ന് ഞാൻ കടുത്ത മാനസിക സമ്മർദ്ദത്തിനും മദ്യപാനശീലത്തിനും കീഴ്പ്പെടുന്ന സാഹചര്യമുണ്ടായി കൂടാതെ പുതിയതായി ജോലി ചെയ്തുവരുന്ന കുടയത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് അന്വേഷണം സംബന്ധിച്ച് തുടർച്ചയായി കത്തിടപാടുകൾ നടന്നുകൊണ്ടിരുന്നതും എന്നെ മാനസിക സമ്മർദ്ദത്തിലാക്കുകയും ആയത് കൃത്യമായി ജോലി ചെയ്യുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. എനിക്ക് നൽകിയിരിക്കുന്ന കുറ്റാരോപണ പത്രിക പ്രകാരം ഉള്ള ക്രമനമ്പർ 1, 3 എന്നീ ആരോപണങ്ങൾ പ്രകാരമുണ്ടായ വീഴ്ചകൾ എൻറെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതാണെന്നും ആയത് മേൽവിവരിച്ച സാഹചര്യങ്ങൾ മനഃപൂർവ്വമല്ലാതെ സംഭവിച്ചിട്ടുള്ളതാണെന്നും അതിനാൽ സദയം ക്ഷമിക്കുമാറാകണമെന്ന് അപേക്ഷിക്കുന്നു.*

*മേൽ കുറ്റാരോപണ മെമ്മോ പ്രകാരം രണ്ടാം നമ്പറായി ചേർത്തിട്ടുള്ള എ.എഫ്.എസ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുള്ളതിനാൽ കുറ്റാരോപണത്തിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. മേൽ കുറ്റാരോപണ പത്രിക പ്രകാരമുള്ള വീഴ്ചകൾ എനിക്കുണ്ടായ കടുത്ത മാനസിക സമ്മർദ്ദം മൂലം മനപ്പൂർവമല്ലാതെ സംഭവിച്ചു പോയതായതിനാലും കടുത്ത ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.*

ശ്രീ. ജോസഫ് ഡാനിയൽ-ന്റെ എതിർവാദ പത്രികയിൽ പരാമർശം (5) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഖണ്ഡിക തിരിച്ചുള്ള അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയതിൽ കുറ്റാരോപണപത്രിക പ്രകാരമുള്ള വീഴ്ചകൾ, ടിയാന്റെ കടുത്ത മാനസിക സമ്മർദ്ദം മൂലം സംഭവിച്ചത് അല്ല എന്ന് വ്യക്തമാകുന്നുണ്ട് എന്നും ആയതിൽ നിന്നും കുറ്റാരോപണ പത്രിക പ്രകാരം ടിയാനിൽ ആരോപിച്ചിരിക്കുന്ന എല്ലാ വീഴ്ചകളും സ്വമേധയാ അംഗീകരിച്ചതായി പരിഗണിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

ടി വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജോസഫ് സെബാസ്റ്റ്യനെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (7) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിലെ 1, 3 ആരോപണങ്ങൾ ശ്രീ. ജോസഫ് ഡാനിയൽ അംഗീകരിച്ചിട്ടുള്ളതിനാൽ കുറ്റം സമ്മതിച്ചിട്ടുള്ളതായി അംഗീകരിക്കാവുന്നതും, ടി കുറ്റങ്ങൾക്ക് മേൽ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും, 2021-22 വർഷത്തെ എ.എഫ്.എസ്. നൽകേണ്ട അവസാന തീയതിയായ 31.07.2022-ൽ ടിയാൻ സേവനത്തിൽ ഇല്ലായിരുന്നുവെന്നും വേലവിലക്കിൽ ആയിരുന്നുവെന്നുമുള്ള വാദം ശരിയാണ് എങ്കിലും എ.എഫ്.എസ്. നൽകുന്നതിനായി ആവശ്യമായ ട്രഷറി റീക്കൺസിലേഷൻ യഥാസമയം ചെയ്യാത്തതുമൂലമാണ് ടിയാൻ വേലവിലക്കിൽ ആയിരുന്ന കാലയളവിൽ ചുമതലയിലുണ്ടായിരുന്ന ജീവനക്കാർക്ക് ആയത് യഥാസമയം സമർപ്പിക്കുന്നതിന് കഴിയാതെ പോയത് എന്നും എ.എഫ്.എസ്. സമർപ്പിക്കാൻ

കഴിയാത്തതിന്റെ യഥാർത്ഥ കാരണം ടിയാന്റെ ചുമതലാവീഴ്ചയുടെ അനന്തരഫലമാണ് എന്ന് കാണുന്നതായും ആയതിനാൽ എ.എഫ്.എസ്. സമയത്ത് സമർപ്പിക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ടിയാന് ഒഴിഞ്ഞുമാറാൻ കഴിയുന്നതല്ല എന്നും കാണുന്നതിനാൽ ഇക്കാര്യത്തിൽ ശ്രീ. ജോസഫ് ഡാനിയൽ ന് ചുമതലാ വീഴ്ച വന്നിട്ടുള്ളതായി കാണുന്നതിനാൽ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു.

മേൽ റിപ്പോർട്ടുകളും, വസ്തുതകളും പരിശോധിച്ചതിൽ നിന്നും ശ്രീ. ജോസഫ് ഡാനിയൽ- നെതിരെ കുറ്റപത്രത്തിലെ ആരോപണങ്ങൾ നിലനിൽക്കുന്നതായി കണ്ടുകൊണ്ട് ടിയാന്റെ 2 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ സമർപ്പിച്ച മറുപടി പരാമർശം (9) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ആയതിൽ മേൽ വിഷയത്തിലെ കുറ്റങ്ങൾ മനഃപൂർവ്വമല്ലാതെയും ആ സമയത്തെ സാഹചര്യങ്ങളുടെ സമ്മർദം മൂലവും സംഭവിച്ചതാണെന്നും സസ്പെൻഷനിൽ ആയതിന് ശേഷമുള്ള വാർഷിക ശമ്പള വർദ്ധനവ് ഇതുവരെ ലഭിച്ചില്ല എന്നും കുടുംബം വളരെ സാമ്പത്തിക പ്രതിസന്ധിയിൽ ആണെന്നും ശിക്ഷയിൽ ഇളവ് നൽകണമെന്നും അപേക്ഷിച്ചിരുന്നു.

മേൽ വിഷയത്തിൽ ശ്രീ. ജോസഫ് ഡാനിയലിന്റെ പേരിലുള്ള, കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ, ട്രഷറി റീക്കൺസിലിയേഷൻ എന്നിവ പൂർത്തിയാക്കാതിരിക്കുക, മേലധികാരികളുടെ നിർദേശം അവഗണിക്കുക, എന്നീ ആരോപണങ്ങൾ സംശയാതീതമായി തെളിഞ്ഞതായും ടിയാൻ ശിക്ഷ അർഹിക്കുന്നതായും ബോധ്യപ്പെടുന്നു. ടി സാഹചര്യത്തിൽ കുടയത്തൂർ ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ. ജോസഫ് ഡാനിയലിനെതിരായ അച്ചടക്കനടപടിയിൽ ടിയാന്റെ 2 **വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുക** എന്നുള്ള കാരണം കാണിക്കൽ നോട്ടീസിലെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി മേൽ വിഷയത്തിലെ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

Geromic George IAS
PRINCIPAL DIRECTOR

**ശ്രീ. ജോസഫ് ഡാനിയേൽ**
**മുൻ അക്കൗണ്ടന്റ്, കുടയത്തൂർ ഗ്രാമപഞ്ചായത്ത്**
**നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി, പനത്തടി ഗ്രാമപഞ്ചായത്ത്**
**(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കാസർകോട് മുഖേനെ)**

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കാസർകോട് (i. ഉത്തരവ് ശ്രീ. ജോസഫ് ഡാനിയേലിന് നൽകി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ii. ഉത്തരവ് നടപ്പിലാക്കി വിവരം ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി
3. സൂപ്രണ്ട്, DEB സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, DED സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 24-09-2025 21:36:02